(ബി) എത്ര സി.എച്ച്.സി.-കളിൽ ഹെൽത്ത് സൂപ്പർവൈസർ തസ്തിക പുതിയതായി സൃഷ്ടിക്കേണ്ടതുണ്ടെന്നും നിലവിലുള്ളതിൽ എത്ര തസ്തിക ഒഴിഞ്ഞു കിടക്കുന്നുവെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേരളത്തിലെ 278 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയും 214 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ലേഡി ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയും സൃഷ്ടിച്ചിട്ടില്ല. 42 പി.എച്ച്.സി. കളിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയും 71 പി.എച്ച്.സി.കളിൽ ലേഡി ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയും ഒഴിഞ്ഞുകിടക്കുന്നു.

(ബി) 71 സി.എച്ച്.സി.കളിൽ ഹെൽത്ത് സൂപ്പർവൈസർ തസ്തികകൾ നിലവിലില്ല. ഹെൽത്ത് സൂപ്പർവൈസറുടെ ഒരു ഒഴിവ് നിലവിലുണ്ട്.

പഴം - പച്ചക്കറികളിലെ വിഷാംശത്തിന്റെ തോത്

16 (T 3447) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് വിൽപ്പന നടത്തുന്ന പഴം-പച്ചക്കറികളിലെ വിഷാംശത്തിന്റെ തോത് പരിശോധിക്കുന്നതിനുള്ള എന്ത് സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലറ്റിക്കൽ ലാബുകളിൽ പഴം, പച്ചക്കറി എന്നിവയുടെ സാമ്പിൾ പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. കൂടാതെ വെള്ളായണി കാർഷിക കോളേജിലെ പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലാബിന്റെ സേവനവും വകുപ്പ് ഉപയോഗപ്പെടുത്താറുണ്ട്.

പനി ബാധിച്ച് മരണപ്പെട്ടവരുടെ വിവരങ്ങൾ

17 (3448) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ വിവിധ തരം പനി ബാധിച്ച് എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഓരോ ജില്ലയിലും എത്ര പേരാണ് മരണപ്പെട്ടതെന്ന് വിശദമാക്കാമോ ?

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly